

കുറ്റ്യാടി നീര പ്ലാന്റ്

# കോഴിക്കോട് കുറ്റ്യാടി നീര പ്ലാന്റ് ഉദ്ഘാടനം നാളെ

കൊച്ചി: കോഴിക്കോട് കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയുടെ നീര പ്ലാന്റ് ഉദ്ഘാടനം നാളെ വൈകിട്ട് 4.30 ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കും. പ്രതിദിനം 8,000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ആധുനിക സംവിധാനങ്ങളോടെയുള്ള പ്ലാന്റാണ് മരുതോങ്കരയിൽ സ്ഥാപിച്ചത്. രണ്ടേകാൽ കോടി രൂപയാണ് പദ്ധതി ചെലവ്. കർഷക കൂട്ടായ്മകളിൽ നിന്ന് രണ്ടര കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. എസ്.സി.എം.എസിന്റെ സാങ്കേതിക വിദ്യയും കോയമ്പത്തൂരിൽ നിന്നുള്ള എക്യുപ്മെന്റ് ഏജൻസിയുടെ മെഷിനറിയും ഉപയോഗിച്ചാണ് കമ്പനി നീര സംസ്കരിച്ച് വിപണിയിലിറക്കുക.

കമ്പനിയുടെ 14 നീര ശേഖര കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 14 കേന്ദ്രങ്ങളിലും നീര പാർലറുകൾ ഉടൻ തുടങ്ങും. പ്ലാന്റ് സജ്ജമാകുന്നതോടെ 20 നീര പാർലറുകൾ കമ്പനി തുറക്കും. നീര ശീതള പാനീയം, നീര ചക്കപാനി, നീര തേൻ, നീര വിനാഗിരി, നീര ചോക്ലേറ്റ് എന്നിവയും മരുതോങ്കരയിലെ പ്ലാന്റിൽ കമ്പനി ഉത്പാദിപ്പിക്കും. പച്ചത്തേങ്ങയിൽ നിന്നുത്പാദിപ്പിക്കുന്ന ഉരുക്കുവെളിച്ചെണ്ണയും പ്ലാന്റിൽ നിന്ന് വിപണിയിലെത്തും.